(ബി) കടലോര പ്രദേശങ്ങളിലെ കൈവശക്കാരിൽ കടൽ തീരത്ത് 100 അടിക്കുള്ളിൽ താമസിക്കുന്നവർക്ക് കൈവശരേഖയും. 100 അടിക്ക് പുറത്തുള്ളവർക്ക് പട്ടയവും നൽകുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 94 പേർക്ക് കടലോര പ്രദേശത്ത് പട്ടയം നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

10 (607) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റവന്യൂ വകുപ്പിൽ ഓരോ തസ്തികകളിലും എത്ര ജീവനക്കാർ വീതമുണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര പേർ വീതമുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിൽ നിന്നും എത്ര പേരെയാണ് ഇത്തരത്തിൽ മാറ്റം ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജീവനക്കാരുടെ കുറവുകാരണം വില്ലേജ് ആഫീസുകളിലെ പ്രവർത്തനം തടസപ്പെടുന്നത് ഒഴിവാക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ വില്ലേജ് ആഫീസുകളിൽ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തസ്തികകളുടെ വിശദ വിവരം അനുബന്ധം 1-ലും 2-ലും ചേർത്തിരിക്കുന്നു.*

(ബി & സി) 126 എൽ. ഡി. ക്ലാർക്കുമാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(ഡി) വില്ലേജാഫീസർ തസ്തികയിലേക്ക് 30-4-2003 വരെയുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തിയിട്ടുണ്ട്. വില്ലേജ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം

11 (608) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് 2001-2002, 2002-2003 വർഷങ്ങളിൽ കേന്ദ്രസഹായമായി എത്ര തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയായിരുന്നു ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര തുക വീതമാണ് വിനിയോഗിക്കാതെ മിച്ചം വന്നിട്ടുള്ളത് ;

(ഡി) പ്രസ്തുത രണ്ട് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലങ്ങളിലേയും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ തുകയിൽ എത്ര വീതം ഓരോ മണ്ഡലത്തിലും, പ്രസ്തുത രണ്ട് വർഷങ്ങളിൽ ചെലവിട്ടു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് ഏതെല്ലാം സർക്കാർ ഏജൻസികൾ മുഖേനയാണ് ഇപ്പോൾ വിനിയോഗം ചെയ്യുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുകയും അതിന്റെ സംസ്ഥാനവിഹിതവും താഴെപ്പറയും പ്രകാരമാണ് :

വർഷം	കേന്ദ്ര സഹായം (രൂപ ലക്ഷത്തിൽ)	സംസ്ഥാന വിഹിതം
2001-2002	8604 (ഇതിൽ 2000-2001-ൽ ലഭിക്കേണ്ടിയിരുന്ന 3309 ലക്ഷം രൂപയും ഉൾപ്പെടും)	2868
2002-2003	5560	1853

(സി) മേൽ പറഞ്ഞ പ്രകാരം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും കൂടാതെ മുൻവർഷത്തെ ചെലവഴിക്കാത്ത തുകയും ഉൾപ്പെടെയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി അപ്രകാരമുള്ള നിധിയിൽ നിന്നും ചെലവഴിക്കാതെ മിച്ചം വന്ന തുക താഴെപ്പറയും പ്രകാരമാണ് :

2001-2002 - 4558 ലക്ഷം രൂപ

2002-2003 - 4785 ലക്ഷം രൂപ

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും ജില്ലാടിസ്ഥാനത്തിലാണ്. അതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമല്ല.

(ഇ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നത് ജില്ലാടിസ്ഥാനത്തിലാണ്. അതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലെ വിശദാംശം ലഭ്യമല്ല.

(എഫ്) റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ബ്ലോക്കുകൾ, മുനിസിപ്പാലിറ്റികൾ, ഫിഷറീസ്, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിലൂടെയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് ഇപ്പോൾ വിനിയോഗം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly